# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.24 DECEMBER NO.12

## യേശുക്രിസ്തു രക്ഷിതാവ്



ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന മെഗാകൺവെൻഷനിൽ ബ്രദർ.ഫിലിപ്പ് കുട്ടി-പുനലൂർ( right ) വചനം സംസാരിക്കുന്നു. സുവിശേഷകൻ എ,സി.ഷാജി-ഗുജറാത്ത് പരിഭാഷപ്പെടുത്തുന്നു. താഴെ പങ്കെടുത്ത ജനസഞ്ചയം.(പേജ് 10-കാണുക)





## ഹാപ്പിവോയ്സ്
## 25-ാം വയസ്സിലേക്ക് !!!

RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

## Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ 11-ാമത്തെ ബാച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. കഴിഞ്ഞ മാസം ഒരു സഹോദരന് ഡെങ്കിപ്പനി ബാധിച്ച് ചില ദിവസങ്ങൾ ആശുപത്രിയിലായിരുന്നു. ഈ ലക്കം ഹാപ്പിവോയ്സ് നിങ്ങളുടെ കൈവശം കിട്ടുമ്പോൾ ജി.ബി.ബി.ഐ ടീം പത്തു ദിവസത്തെ പരസ്യ പ്രവർത്തനത്തിനായി പഞ്ചാബിലായിരിക്കും. (ഡിസംബർ 2 മുതൽ 12 വരെ) ദൈവജനത്തിന്റെ പ്രാർത്ഥന തുടർന്നും ആവശ്യം.

**Gujarat Brethren Bible Institute**
**Plot.No.147,Sector.7,Gandhidham.370201.Kutch.Gujarat.**

## Letter

ഹാപ്പിവോയ്സ് ചീഫ് എഡിററർക്ക്,,

ഇപ്രകാരം ഒരു എഴുത്ത് എഴുതേണ്ടിവന്നതിൽ ഖേദിക്കുന്നു. എങ്കിലും ചില കാര്യങ്ങൾ പറയട്ടെ. കഴിഞ്ഞ ലക്കം ഹാപ്പിവോയ്സിൽ ജി.എഫ് ടി.ഐ കോൺഫ്രൻസിൽ പങ്കെടുത്തവർക്ക് തെററല്ലാത്ത കൈ മടക്ക് , കിട്ടി എന്നെഴുതിയിരുന്നുവല്ലോ. അതിൽ "കൈമടക്ക്" പങ്കെടു ത്തവരിൽ നിന്നാണ് കൂടുതലും ചിലവായത്. അതായത് കൃത്യമായ യാത്രക്കൂലി മാത്രം തന്നു. മററ് യാതൊരു "മടക്കും" അതിലില്ലായിരുന്നു. എന്റെ വ്യക്തിപരമായ അനുഭവം പറഞ്ഞാൽ അതിൽ കൂടുതൽ എനിക്ക് ചിലവായി. (അനേകരുടെ അനുഭവം ഇതായിരിക്കാം).

ഇംഗ്ളീഷ് ഭാഷ അറിയാത്തവരും അറിയാം എന്നു സംഘാടകരെ തെററിദ്ധരിപ്പിച്ചാണ് കടന്നു വന്നത്. അവർക്ക് വിദേശികളുടെ പ്രസംഗം പൊട്ടനു മുമ്പിൽ വെടിപൊട്ടിച്ചതുപോലെ മാത്രമായിരുന്നു. ഇതിന്റെ കുററക്കാർ സുവിശേഷകൻമാർ ആണ്.

പല സംഘടനകളിലും നടക്കുന്നതുപോലെ യാത്രക്കൂലി ചോദിച്ചും മററും കൂട്ടായ്മ കൊടുക്കുന്നത് തെററാണെന്നഭിപ്രായകാരനാണ് ഞാൻ. പക്ഷേ പരസ്യമായി പ്രതികരിക്കാൻ ഞങ്ങളെപ്പോലുള്ളവർക്ക് സാങ്കേതിക ബുദ്ധിമുട്ടുണ്ട്. അതിനാലാണ് പലരും മൗനമായിരിക്കുന്നത്. ഇങ്ങനെയുള്ള കൂട്ടായ്മകൾ പരസ്പരംകാണുവാനും കൂട്ടായ്മ പുതുക്കുവാനും നല്ലതാണെങ്കിലും ഇതിന്റെ പുറകിലുള്ള സംഘാടകരുടെ ലക്ഷ്യം ഫണ്ടിലേക്ക് പണം വർദ്ധിപ്പിക്കുക എന്നതാണ്. അത് സുവിശേഷകൻമാർക്ക് പ്രയോജനമാണെങ്കിലും വിതരണ രീതയിലുള്ള അപാകതകളാൽ ആവശ്യക്കാരായ സുവിശേഷകൻമാർക്ക് പ്രയോജനരഹിതമായിത്തീരുന്നു.

**( a Evangelist from North india)**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.24. *Happy Voice* - സന്തോഷ ധ്വനി 2011 NO.12

പത്രാധിപർ എഴുതുന്നു:-

# സുവിശേഷീകരണ ദർശനം നമുക്കുനഷ്ടമാകുന്നുവോ?

**ഉ**യിർത്തെഴുന്നേററ കർത്താവ് തന്റെ ശിഷ്യൻമാർക്ക് നൽകിയ അതിമഹത്തായ ഒരു ഉത്തരവാദിത്വമാണ് സുവിശേഷീകരണം. ദൂതൻമാർക്ക് പോലും കൊടുക്കാതെ തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ ശിഷ്യരെ ഏല്പിച്ചതിന്റെ കാരണം നാം ശരിയായി മനസ്സിലാക്കേണ്ടതുണ്ട്. ക്രിസ്തുവിനെ അറിയാത്തവരോടു സദ്വർത്തമാനം അറിയിക്കുക എന്നതാണ് സുവിശേഷം അറിഞ്ഞവരുടെ കടമ. ആ ഉത്തരവാദിത്വം പൂർണ്ണമനസ്സോടെ പാലിച്ചെങ്കിൽ മാത്രമെ സുവിശേഷീകരണം എന്ന മഹത്തായ ലക്ഷ്യം നമുക്കു കൈവരിക്കുവാൻ കഴിയൂ. ഈ മഹത്തായ ലക്ഷ്യം പൂർത്തീകരിക്കുവാൻ സഭാഭേദമെന്യേ ഭാഷാവ്യത്യാസമെന്യേ നിരവധി മാദ്ധ്യമങ്ങളിലൂടെ ലക്ഷക്കണക്കിനു ക്രിസ്തുശിഷ്യൻമാരാണ് കോടികൾ ചിലവഴിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലങ്ങളാണ് ഭാഷകളിൽ നിന്നും ജാതികളിൽ നിന്നും വലിപ്പ ചെറുപ്പമെന്യേ ആയിരങ്ങൾ ക്രിസ്തുവിങ്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നത്.

ഒരു കാലത്ത് നാം ഉൾപ്പെട്ടുനില്ക്കുന്ന ബ്രദറൺ സഭ സുവിശേഷീകരണത്തിൽ മററ് സഭകളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഇന്നത്തെ അവസ്ഥ സുവിശേഷീകരണത്തിൽ നാം ബഹുദൂരം പുറകിലാണെന്നതാണ്. അതിന്റെകാരണംനമ്മുടെ സഭകളുടെ വ്യക്തികളുടെ സുവിശേഷീകരണമെന്ന ദർശനം നഷ്ടപ്പെട്ടുപോയിരിക്കുന്നതുകൊണ്ടാണ്.

സുവിശേഷീകരണം സഭയ്ക്കകത്തല്ല. സഭയ്ക്ക് പുറത്താണ്. അത് വിശ്വാസികൾക്കുള്ളതല്ല അവിശ്വാസികൾക്കുള്ളതാണ്. സുവിശേഷീകരണത്തിലൂടെ പുറത്തുള്ളവരെ അകത്തുകൊണ്ടുവരിക എന്ന പ്രക്രിയയാണ് നടക്കേണ്ടത്. അതിൽ നാം പരാജയപ്പെടുന്നു. പുറത്തുപോയി പ്രവർത്തിക്കാൻ ഇന്നു പല സഭകൾക്കും സുവിശേഷകൻമാർക്കും ഇഷ്ടമല്ല, അതിന്റെ പ്രധാന കാരണം കഷ്ടനഷ്ടങ്ങൾ വഹിക്കാൻ തയ്യാറല്ല എന്നതു തന്നെ. നാം യേശുക്രിസ്തുവിന്റെ പരസ്യപ്രവർത്തനങ്ങളെക്കുറിച്ചും പൗലോസ്, പത്രോസ് ആദിയായ അപ്പോസ്തലൻമാരെക്കുറിച്ചും, നമ്മുടെ പൂർവ്വപിതാക്കൻമാരുടെ പരസ്യപ്രവർത്തനങ്ങളെക്കുറിച്ചും വാതോരാതെ പ്രസംഗിക്കും. അവരുടെ പരസ്യ പ്രവർത്തന രീതികളെക്കുറിച്ച് പഠിപ്പിക്കും, പുസ്തകങ്ങൾ എഴുതും.

➲2



കേൾക്കുന്നവർക്ക് പുളകംകൊള്ളിക്കുന്ന സാക്ഷ്യങ്ങൾ പറയും പക്ഷേ ഇവർക്കാർക്കും സ്വജീവിതത്തിൽ സുവിശേഷീകരണത്തിൽ തിയറിയല്ലാതെ പ്രായോഗികജീവിതമില്ലയെന്നു നഷേധിക്കാനാകാത്ത സത്യം. ഇങ്ങനെയുള്ളവരുടെ പ്രസംഗവും മററും ചേമ്പിലയിൽ വെള്ളം വീഴുന്നതുപോലെ മാത്രം.

എന്താണ് ഇതിനു കാരണം, സുഖസൗകര്യങ്ങൾ വർദ്ധിച്ചു. സഭകളിൽ ശുശ്രൂഷകൾ ധാരാളം. നല്ല ഭക്ഷണം, നല്ല താമസം, കൂട്ടായ്മയുടെ കൈകൾ നിരവധി. ഒരു വലിയ കമ്പനി എക്സിക്യൂട്ടിവിനെപ്പോലെ നടക്കാം. ജീവിക്കാം. ഇത്രയും സൗകര്യങ്ങൾ മുന്നിലുണ്ടാകുമ്പോൾ സുവിശേഷീകരണം എന്ന ലക്ഷ്യവുമായി ആര് ഗ്രാമവും,കുന്നും,കാടും താണ്ടിപോകും. ക്രേത്തൻമാരെപ്പോലെ പെരുവയറൻ മടിയൻമാരാകുന്നു. നമ്മുടെ സമൂഹമാണ് നിരവധി സുവിശേഷകൻമാരെ വാർത്തെടുത്ത് പൂജ്യവസ്തുക്കളായി കാണുന്നത്. ഈ മനോഭാവംമാറണം.

ഒരുകാലത്തു നമ്മുടെ മാസികകൾ വായിച്ചാൽ സുവിശേഷപ്രവർത്തനം മാത്രമെ കാണുവാനുണ്ടായിരുന്നുള്ളു. ഇന്നോ നേരെ തിരിച്ചും. സഭയ്ക്കകത്തുള്ള നിരവധി ഭാവത്തിലും രൂപത്തിലുമുള്ള പ്രവർത്തനങ്ങൾ. എല്ലാം വിശ്വാസികൾക്കുവേണ്ടി, ബാലൻമാർക്ക് പ്രത്യേക മീററിംഗ്- അതിനു പ്രത്യേക ശുശ്രൂഷകർ. ചൈൽഡ് ഇവാഞ്ചലിസ്റ്റ് എന്നുവരെയാണ് ചിലരെക്കുറിച്ച് പറയുന്നത്. ശരിയായിരിക്കാം. അവർ ചൈൽഡ്തന്നെ. മററു ചിലർ യൂത്ത് മീററിംഗിന്റെ വ്യക്താക്കൾ-പങ്കെടുക്കുന്നതോ അമ്പതുവയസ്സിനു മുകളിലുള്ളവർ. ഇതിന്റെ സ്പെഷലിസ്റ്റുകൾ വേറെ. ഇവരുടെയൊക്കെ പിന്നാമ്പുറ കഥകൾ കേട്ടാൽ സ്വന്തമക്കളെയാരും ഇത്തര കൂട്ടായ്മകളിൽ വിടുകയില്ല. എത്ര പറഞ്ഞാലും മനസ്സിലാകാത്ത കുറേ മനുഷ്യർ.മററു ചിലർ സഹോദരിമാരുടെ കൂട്ടായ്മ വിളിച്ചു കൂട്ടുന്നു, വേറെ ചിലർ സംസ്ഥാന സഭകളുടെ മീററിംഗുകൾ തട്ടി കൂട്ടുന്നു.... ഇങ്ങനെ പറഞ്ഞാൽ ഒരുപാടു കാര്യങ്ങൾ നമ്മുടെ സഭകളിലുണ്ട്. മേൽപറഞ്ഞതെല്ലാം വിശ്വാസികൾക്കുവേണ്ടിയുള്ളതാണ്. ഈ സംഘാടകർ എന്തുകൊണ്ട് അവിശ്വാസികൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. സ്ഥലം സഭയുടെ ഉത്തരവാദിത്വമാണ് ബാലൻമാരെയും,യുവാക്കൻമാരെയും, സഹോദര സഹോദരിമാരെയും വചനം പഠിപ്പിക്കുക എന്നതും ആത്മീയ പോഷണം കൊടുക്കുക എന്നതും. അതിനു വിപരീതമായി മററു സ്ഥലങ്ങളിൽ ചെന്ന് ചില “ചൈനീസ് കുക്കുകൾ” തയ്യാറാക്കുന്ന ഫാസ്റ്റ് ഫുഡ് കഴിക്കാൻ ഓടിനടക്കുന്നത് ആരോഗ്യകരമായ നടപടിയല്ല.

ദൈവജനം ചിന്തിക്കണം. ഗ്രാമങ്ങളിലെയും മററും പരസ്യ പ്രവർത്തനത്തിനു നമ്മുടെയിടയിലെ ചില കൺവെൻഷൺ പ്രസംഗകർക്ക് സമയമില്ല. സഭയ്ക്കകത്തുള്ള പ്രവർത്തനങ്ങൾക്ക് സമയമുണ്ടുതാനും. ഇങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കാൻ നമ്മുടെ സമൂഹം ഉള്ളിടത്തോളം കാലം സുവിശേഷീകരണം എന്ന ദർശനം നമുക്കു നഷ്ടപ്പെടും. അതിനാൽ സഭയ്ക്കകത്തുള്ള ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കാതെ പുറത്തുള്ള ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുക. അതിനായി ദൈവം നമുക്കോരുരുത്തർക്കും സുവിശേഷീകരണ ദർശനം ധാരാളമായി തരട്ടെ.

(SP)

# അഹങ്കാരം അസൂയ അശുദ്ധി

K.M.ABRAHAM-THIRUVANANTHAPURAM

## അഹങ്കാരം:

പാപങ്ങൾക്കെല്ലാം അടിസ്ഥാനം അഹങ്കാരമാണ്.നാശത്തിനു മുമ്പെ ഗർവം; വീഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം(സദൃശ്യ 16:18). ഗർവമുള്ള ഏവനും യഹോവയ്ക്ക് വെറുപ്പാണ്.അവനു ശിക്ഷ വരാതിരിക്കയില്ല(സദൃശ്യ 16:5). വാസ്തവത്തിൽ ഇല്ലാത്ത മാനം ഉണ്ടെന്നു നടിക്കുന്നതാണ് അഹംഭാവം അഥവാ ഞാൻ എന്ന ഭാവം. അഹംബോധം നല്ലതാണ് അതിന്റെ വികൃതരൂപമാണ് അഹങ്കാരം അഥവാ അഹംഭാവം. ലൂസിഫറിന്റെ വീഴ്ചയ്ക്ക് കാരണമായിത്തീർന്നത് അവന്റെ അഹങ്കാരമായിരുന്നു. അദ്ധ്യക്ഷന്റെ ലക്ഷണങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ അപ്പോസ്തലൻ ഓർമ്മിപ്പിക്കുകയാണ് നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സത്യോപദേശം അനുസരിക്കാതെ ഉപദേശിച്ചു നടക്കുന്നവരും ഗർവിഷ്ഠൻമാരായാണ് കാണപ്പെടുന്നത്. നമ്മുടെ കർത്താവായ യേശുവിന്റെ പഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചു ചീർത്തിരിക്കുന്നു. അവയാൽ അസൂയ,ശണ്ഠ,ദുസ്സംശയം,ദുർബുദ്ധികളും, സത്യ ത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥവാദം എന്നിവ ഉളവാകുന്നു.(1 തിമൊ 6:3,4).

## അസൂയ:

വളരെ വ്യാപ്തിയുള്ള പാപമാണ് അസൂയ. മററുള്ളവരാണ് അസൂയക്ക് കാരണം. മററുള്ളവരുടെ ഭാഗ്യമാണ് തന്റെ ദൗർഭാഗ്യമെന്നും അവരുടെ വിജയമാണ് തന്റെ പരാജയമെന്നും അവരുടെ അനുഗ്രഹമാണ് തന്റെ ശാപമെന്നും അസുയാലു കരുതുന്നു. ഒരുവൻ ധനവാനായിത്തീർന്നാലും അവന്റെ ഭവനത്തിന്റെ മഹത്വം വർദ്ധിച്ചാലും നീ അസൂയപ്പെടരുത്.(സങ്കീ 49:16). എന്നത് അസൂയക്കാരൻ ഓർക്കേണ്ടതാണ്.ശാന്തമനസ്സ് ദേഹത്തിനു ജീവൻ; അസൂയയോ അസ്ഥികൾക്ക് ദ്രവത്വം(സദൃശ്യ 14:30). നാം അന്യോന്യം പോരിനു വിളിച്ചും അന്യോന്യം അസൂയപ്പെട്ടുകൊണ്ടു വൃഥാഭിമാനികൾ ആകരുത്.(ഗലാ 5:26). ഈർഷ്യയും ശാഠ്യവും ഉള്ളിടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്(യാക്കോ 3:16).

യഹോവ ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചത് കയിന് അസൂയക്ക് കാരണമായി. അസൂയ കോപത്തിലേക്കു നയിച്ചു. സഹോദരൻമാരുടെ ാസൂയ നിമിത്തം യോസേഫ് മിസ്രയിമിൽ അടിമയായിപ്പോയി.ഒടുവിൽ സഹോദരൻമാർ യോസേഫിന്റെ ശ്രേഷ്ഠത അംഗീകരിക്കുക തന്നെ ➲4



ചെയ്തു.അസൂയാലുകുലനായിത്തീർന്ന ഹാമാൻ മോർദ്ദെഖായിയെ നശിപ്പിപ്പാനുള്ള കരുക്കൾ നീക്കി. ഒടുവിൽ അവർ ഹാമാനെ മോർദ്ദെഖായിക്കുവേണ്ടി നാട്ടിയിരുന്ന കഴുമരത്തിൽതന്നെ തൂക്കിക്കളഞ്ഞു.(എസ്ഥെ 7:10) അസൂയ അസൂയക്കാരനെത്തന്നെ നശിപ്പിക്കുകയാണ്. അസൂയയുടെ കാന്തവലയത്തി ൽപ്പെടാത്തവരായി ആരുംതന്നെയില്ല. അളവിൽ ഭേദം ഉണ്ടായിരിക്കുമെന്നു മാത്രം. അസൂയ ബാധിച്ച വ്യക്തിക്ക് ജീവിതത്തിൽ സൈ്വരതയോ സുഖമോ സംതൃപ്തി യോ അനുഭവപ്പെടുകയില്ല. പരകാര്യം ചിന്തിച്ച് ഹൃദയം എല്ലായ്പ്പോഴും എരിഞ്ഞുകൊണ്ടേയിരിക്കും. മാനസിക സംഘർഷത്തിനും തൻമൂലമുണ്ടാകുന്ന ശാരീരിക രോഗത്തിനും അസൂയ കാരണമാണ്. നിർദ്ധനനായ വ്യക്തി സമാധാനമായി ജീവിക്കുന്നതുപോലും പലരിലും അസൂയ ഉളവാക്കും. അസൂയ മനുഷ്യനെ മനുഷ്യനിൽ നിന്നും ദൈവത്തിൽ നിന്നും അകററും. ഇതിനു ഒരേയൊരു പ്രതിവിധി ദൈവഹിതത്തിനനുസരണമായി ജീവിക്കുക എന്നതു മാത്രമാണ്.

## അശുദ്ധി:

പല രാഷ്ട്രങ്ങളുടെയും നേതാക്കൻമാരുടെയും വീഴ്ചക്കു കാരണം ദുർന്നടപ്പാണെന്നു ചരിത്രം സാക്ഷിക്കുന്നു. കുടുംബ ജീവിതത്തിന്റെ പവിത്രത നശിപ്പിക്കുന്ന ഈ പാപം വ്യക്തികളുടെ വളർച്ചയെയും ആരോഗ്യത്തെയും ഇല്ലാതാക്കുന്നു. അനേകം യുവാക്കൻമാരുടെ ശോഭനമായ ഭാവിയെ ദുർന്നടപ്പു ബാധിക്കുന്നു. ആയിരക്കണക്കിനു നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളെ ഇതു ഭവനരഹിതരാക്കുന്നു. സ്ത്രീയോടു വ്യഭിചാരം ചെയ്യുന്നവനോ ബുദ്ധിഹീനൻ, അങ്ങനെ ചെയ്യുന്നവൻ സ്വന്തപ്രാണനെ നശിപ്പിക്കുന്നു. പ്രഹരവും മാനവും അവനു ലഭിക്കും. അവന്റെ നിന്ദ മാഞ്ഞുപോകയില്ല. ജ്ഞാരശങ്ക പുരുഷനു ക്രോധഹേതുകമാകുന്നു.(സദൃശ്യ 6:32-34).

ദുർന്നടപ്പിനു വിധേയനായ വ്യക്തിക്കു വിവേകം നഷ്ടപ്പെടുന്നു. മനുഷ്യൻ വിവേകമുള്ള മൃഗമാണ്. എന്നാൽ വിവേകം നഷ്ടപ്പെടുമ്പോൾ അവൻ വെറും മൃഗമായി അധഃപതിക്കുന്നു. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു(യാക്കോ 1:14,15). മൃഗസദൃശ്യമായ കാമമാണ് പിന്നെ അവനെ വഴി നടത്തുന്നത്. ഗലാ 5:19-ൽ ഈ വർഗ്ഗത്തിലുൾപ്പെട്ടവയായ വ്യഭിചാരം പരസംഗം, അശുദ്ധി, ദുർന്നടപ്പ്,ദുഷ്കാമം, ജ്ഞാരശങ്ക എന്നിവയെക്കുറിച്ച് പ്രസ്താവിക്കുന്നു. കർത്താവിങ്കലേക്കു വരുന്നതിനു മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിതെററി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ആയിരുന്നു.(തീത്തൊ 3:3). ന്യായാധിപൻമാരും പ്രവാചകൻമാരും രാജാക്കൻമാരും ദുർനടപ്പിന്റെ കെണിയിൽ വീണിട്ടുണ്ട്. ശിംശോന്റെ ജീവിതത്തെ അതു നശിപ്പിച്ചു.ദാവീദും ശലോമോനും ദുർനടപ്പിനു വിധേയരായി. ദുർനടപ്പിന് കീഴടങ്ങാതെതന്നെത്തന്നെ കാത്ത യോസേഫ് നമുക്കേവർക്കും ഉദാഹരണമാണ്.

➲9

# നിങ്ങളിൽ തന്നെ ഉപ്പുള്ള വരായിരിപ്പിൻ

DAVID.P.ISSAC-RAJKOT

വിശുദ്ധ തിരുവെഴുത്തായ ബൈബിളിൽ ഗൗരവമായ പ്രസ്താവന യോടെ അത്രെ ഉപ്പിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. മത്താ 5:14. ഉപ്പു കാരമില്ലാതെപോയാൽ പുറത്തുകളയുവാനും ചവിട്ടുമാനുമത്രെ ഇടയാകയുള്ളു. ശാസ്ത്രീയമായി ഉപ്പിനു കൊടുത്തിരിക്കുന്ന രാസനാമം സോഡിയം ക്ളോറൈഡ് എന്നാണ്. ഇത് വിഘടിച്ചാൽ മാരകമായ വിഷമാണ്. ദൈവം അത്ര അത്ഭുതകരമായിട്ടാണ് നമുക്കു ഉപയോഗിക്കുവാൻ നല്കിയിരിക്കുന്നത്. ആകയാൽ സോഡിയമായിട്ടോ ക്ലോറൈഡായിട്ടോ ഉപയോഗിച്ചു കൂടാ. മറ്റൊരു ഉദാഹരണം കൂടെ നോക്കുക ജലം. മനുഷ്യന് ഏററവും ആവശ്യമുള്ള ജലത്തിന്റെ രാസനാമം നോക്കുക, ഹൈഡ്രജൻ +ഓക്സിജൻ $H_2O$. ഇത് രണ്ടായിത്തീരാതെ നമുക്കു ഉപയോഗിക്കുവാൻ തന്ന ദൈവത്തെ സ്തുതിക്കാം. വളരെ ജ്വലന ശക്തിയുള്ള ഓക്സിജനായോ, ഹൈഡ്രജനായോ മാറാതെ, ഭൂമിയിലെ തോടുകൾ,കിണറുകൾ,നദികൾ, കായലുകൾ സമുദ്രങ്ങൾ പൈപ്പുകളിലൂടെ നാം സുലഭമായി ജലം ഉപയോഗിച്ചു വരുന്നു. ദൈവത്തിന്റെ വൻ കരങ്ങളെ നമുക്കു നോക്കാം.

കർത്താവ് തന്റെ വത്സല ശിഷ്യൻമാരോടു പറയുമ്പോൾ നിങ്ങൾ എന്ന പദപ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. കർത്താവ് തന്റെ യഥാർത്ഥ നേതൃത്വം ഏല്പിച്ചത് പന്ത്രണ്ടു ശിഷ്യൻമാരിലൂടെയാണ്. പ്രസംഗിക്കുന്നതിനും ഉപദേശിക്കുന്നതിനും കർത്താവിന്റെ കൂടെ ഇരിക്കുന്നതിനും കർത്തൃസാക്ഷ്യം വെളിപ്പെടുത്തുവാനും തങ്ങളുടെ ഉത്തരവാദിത്വം ഏറെറടുത്തവർ അതു മറന്നുപോകരുതെന്നും തങ്ങൾ ആരാണെന്നു വിസ്മരിച്ചുപോകുന്ന സാഹചര്യം ശിഷ്യൻമാർക്കുണ്ടായിട്ടുണ്ട്. ഉപ്പും ഉത്തരവാദിത്വവും നമ്മുടെ ഉത്തരവാദിത്വത്തെ നമുക്കു നൽകുന്നു.

ഉപ്പ്- അതിന്റെ പ്രവൃത്തികളെ നിർവിഘ്നം കൂടാതെ നടത്തി വരുന്നു. പ്രധാനമായും സാധനങ്ങളെ കേടുകൂടാതെ സൂക്ഷിക്കുന്നു. വസ്തുക്കളെ ശുദ്ധീകരിക്കുന്നു. ക്രിസ്തുവിനെ ഉപ്പായി പറഞ്ഞിട്ടുണ്ട്. ഈ ഉപ്പാകുന്ന ക്രിസ്തു പാപികളെയും വിശുദ്ധനെയെും ശുദ്ധീകരിക്കുന്നു.

ഉപ്പ് രുചിപ്പിക്കുന്നു.- ഭക്ഷണ സാധനങ്ങൾ എത്ര നന്നായുണ്ടാക്കിയാലും ഉപ്പ് ചേർക്കുന്നില്ലെങ്കിൽ രുചിപ്രദമാകയില്ല. ആയതുപോലെ ക്രിസ്തുവിനോടു ബന്ധപ്പെടുന്ന എല്ലാവരെയും രുചിപ്പിക്കുന്നു. സങ്കീർത്തനക്കാരൻ പറയുന്നു യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ...സങ്കീ 34:8).

ഉപ്പ് - വസ്തുക്കളെ ജീർണിക്കാതെ സൂക്ഷിക്കുന്നു. ക്രിസ്തു പറഞ്ഞു നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. വെളിച്ചം- ഉത്തരവാദിത്വത്തെ

➲7



വെളിപ്പെടുത്തുന്നു. വെളിച്ചം കാണാൻ ഉള്ളതാണ്, വഴികാട്ടിയാണ്,അപകട സൂചന നല്കുന്നു, യഥാർത്ഥ നില വെളിപ്പെടുത്തുന്നു.

ക്രിസ്തുവിൽ വിശ്വാസംഅർപ്പിക്കുന്ന ഓരോ വിശ്വാസിയും ഉറപ്പിന്റെയും വെളിച്ചത്തിന്റെയും പ്രതിഫലനങ്ങൾ ആയിരിക്കണം. കർതൃശുശ്രൂഷയിൽ ആയിരിക്കുന്ന ശുശ്രൂഷകൻമാർക്ക് നല്ല പ്രബോധനങ്ങൾ ഇവയിൽ നിന്നും ലഭിക്കുന്നുണ്ട്. കാരണം വിശ്വാസിയേക്കാൾ അധികം ലോകത്തിന്റെ മദ്ധ്യത്തിൽ ഇറങ്ങി പ്രവർത്തിക്കുന്നവരും, തങ്ങളെത്തന്നെ വെളിപ്പെടുത്തുന്നവരുമാകയാൽ നിങ്ങളിൽതന്നെ ഉറപ്പുള്ളവരും വെളിച്ചം വെളിപ്പെടുത്തുന്നവരും ആകുവിൻ. മർക്കോസ് സുവിശേഷം എഴുതുമ്പോൾ നിങ്ങളിൽത്തന്നെ ഉറപ്പുള്ളവരും സമാധാനംഉള്ളവരുമായിരിപ്പിൻ എന്നുപറഞ്ഞിരിക്കുന്നു. (മർക്കോ 9:50). സമാധാനം ഉണ്ടാക്കേണ്ടവർ സമാധാനം നഷ്ടപ്പെടുത്തുന്നു. സമാധാനം ഉണ്ടാക്കുന്നവർ കൂടുന്ന സ്ഥലത്തു കലഹത്തിന്റെയും അസ്വസ്തതയുടെയും ദോഷവിത്തുകൾ പാകയാണ്.

പുതിയനിയമത്തിലെ ലൂക്കൊസ് 9- വലിയ ഒരു അദ്ധ്യായമാണ്. അതിൽ കർത്താവിന്റെ ശിഷ്യൻമാരുടെ വിവിധ മനോഭാവങ്ങൾ പഠിക്കാൻ സാധിക്കും. ഇങ്ങനെയുള്ള സ്വഭാവ രീതികൾ കർതൃവേലചെയ്യുന്ന ദൈവദാസ ൻമാരിൽ ഉണ്ടായിക്കൂടാ എന്നുള്ള വിപൽ പ്രബോധനങ്ങൾ കുറിക്കൊള്ളേണ്ടതാണ്.

1. തെററായ മനോഭാവം.(ലുക്കൊ 9:46-48). ക്രിസ്തുവിന്റെ പിൻഗാമികളെ പരസ്പര പിണക്കത്തിന്റെയും, മത്സരത്തിന്റെയും വ്യക്താക്കളായി കാണുന്നത് എത്ര വ്യസനകരമായ കാര്യമാണ്. കർത്താവ് അവരെ ലോകത്തിൽ നിന്നും വിളിച്ചു വേർതിരിച്ചതാണ്. എന്നാൽ ലോകത്തിന്റെ ആത്മാവ് ഇപ്പോഴും ഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ചിരിക്കയാണ്. ഈ മനോഭാവം അപലപനീയം തന്നെ. കർതൃശുശ്രൂഷയിലായിരിക്കുന്ന നമുക്കു ഇങ്ങനെയുള്ള സ്വഭാവം എത്ര ദൂരവ്യാപകമായ ദോഷഫലങ്ങൾ ആണ് വരുത്തിത്തരുന്നത്.

2. മററു കൂട്ടു പ്രവർത്തകരോടുള്ള തെററായ മനോഭാവം(ലൂക്കൊ 9:49-50). അറിയപ്പെടാത്ത ഒരു ശിഷ്യൻ ക്രിസ്തുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിയതുകൊണ്ട് അവനെ അക്രമിക്കുവാൻ വന്നു. കാരണം പേരെടുത്ത ശിഷ്യൻമാർക്ക് ഈ കാര്യം ചെയ്യാൻ കഴിഞ്ഞില്ല. ഇത് തികഞ്ഞ അസൂയയിലൂടെ ഗുരുതരമായ അവസ്ഥയിൽ എത്തി. തികഞ്ഞ പരാജയം സംഭവിച്ച 9:37-42 ശിഷ്യൻമാരെ കാണാം. ആത്മിയൻ എല്ലായ്പോഴും മററുള്ളവരുടെ നല്ല പ്രവൃത്തനങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനു പകരം അന്യോന്യം ദുഷിച്ചിട്ടു എന്തു നേട്ടം എന്നത് ചിന്തിക്കുന്നതു കരണീയമാണ്. ചെവിയുള്ളവൻ കേൾക്കട്ടെ.

യേശുവിനെ അംഗീകരിക്കാത്തവരോടുള്ള മനോഭാവം(ലൂക്കൊ 9:51-55). ശമര്യരും യഹൂദരും പരസ്പരം മത്സരമനോഭാവം വെച്ചു പുലർത്തുന്നവരാണ്. യേശു തന്റെ ശുശ്രൂഷയുടെ അവസാനഘട്ടത്തിൽ യരുശലേമിലൂടെ കടന്നു ശമര്യാ ഗ്രാമ ത്തിൽ ചെന്നു. എന്നാൽ ശമര്യക്കാർ യേശുവിനെ സ്വീകരിച്ചില്ല. ശിഷ്യൻമാരായ യാക്കോബും യോഹന്നാനുംകണ്ടിട്ടു, കർത്താവേ ആകാശത്തു നിന്നു തീ ഇറങ്ങി,

# ദൈവസഭഃ (തുടർച്ച)

## അതിനു യേശുവിന്റെ നാമം മാത്രം മതിയായത്ഃ

**C.H.Makintosh** പരിഭാഷ **P.D.Chacko-Kurumathoor**

ദൈവസഭയുടെ പ്രമാണങ്ങളെ പ്രമാണിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നവർക്കെതിരെ അടുത്തകാലത്തുണ്ടായ കടുത്ത ആക്രമണങ്ങൾക്കു പിന്നിലെ യഥാർത്ഥ കാരണം ഇതാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. സംഭവിച്ചുപോയ ധാരാളം അബദ്ധങ്ങളെയും തെററുകളെയും വീഴ്ചകളെയും ഓർത്ത് ഞങ്ങൾ വേദനിച്ചു കഴിയുന്നു. പലതരത്തിൽ ഞങ്ങൾ ശത്രുവിനു ധാരാളം അവസരങ്ങൾ കൊടുത്തുപോയിട്ടുണ്ട്. ഞങ്ങൾ പലപ്പോഴും കറകൾ പററിയ സുവിശേഷപത്രങ്ങളായിട്ടാണ് വെളിപ്പെട്ടത്. ശക്തിയില്ലാതെ തളർന്ന സാക്ഷികളായി മങ്ങിയ വെളിച്ചങ്ങളായി, ഇതെല്ലാം ഏററു പറഞ്ഞുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ ദൈവത്തിനു മുമ്പാകെ സ്വയം ഏററവും താഴ്ത്തേണ്ടിയിരിക്കുന്നു. ഞങ്ങൾ ഉപദേശ സംബന്ധമായി ഏററവും ഉന്നത നിലവാരം പുലർത്തുന്നവരാണെന്നു അവകാശപ്പെട്ടുകൊണ്ട് കുറവുകൾ സമ്മതിക്കാതെ കുറവുകൾ ഇല്ല എന്ന ഭാവത്തിൽ മുമ്പോട്ടുപോകുന്നതിനോളം ചേർച്ചയില്ലാത്തതായി മറെറാന്നുമില്ല. ഞങ്ങൾ പൊടിയോളം ഞങ്ങളെത്തന്നെ താഴ്ത്തുന്നു. അതേ പ്രിയ സഹോദരൻമാരെ ദൈവമുമ്പാകെ ഞങ്ങൾ തെററ് ഏററു പറഞ്ഞു. ഞങ്ങൾ സ്വയം പരിശോധന ചെയ്യുന്നു. അത് ആവശ്യമായിരിക്കുന്നു.

ദൈവസഭയുടെ തേജസ്സേറിയ പ്രമാണങ്ങൾ പാലിക്കുന്നതിൽ ഞങ്ങൾക്കു പിഴവു പററിയിട്ടുണ്ടെങ്കിലും അത് ഞങ്ങൾ കൈവിട്ടു കളയുവാൻ പാടുള്ളതല്ല. ദൈവവചന സത്യത്തെ ഞങ്ങൾ പാലിക്കുന്നതിന്റെ നിലവാരം അനുസരിച്ച് വിലയിരുത്താൻ പാടുള്ളതല്ല. ദൈവവചനം എന്ന അളവുകോൽ വെച്ച് ഞങ്ങളുടെ ജീവിതത്തെ വിലയിരുത്തണം. ദൈവിക അടിസ്ഥാനത്തിൽ നില നില്ക്കുകയെന്നത് ഒരു കാര്യം. അത് പ്രകാരം ശരിയായ നിലയിൽ മുമ്പോട്ടു പോകുക എന്നത് മറെറാരു കാര്യം, നമ്മുടെ പ്രമാണങ്ങൾ അനുസരിച്ച് നമ്മുടെ പ്രവൃത്തികളെ വിലയിരുത്തുന്നത് പൂർണ്ണമായി ശരിയാണ് എന്നാലും അതിനെല്ലാം സത്യം സത്യംതന്നെയാണ്. സഭയുടെ പ്രത്യേക സ്വഭാവ വിശേഷമായ സതയത്തെ പിശാച് വെറുക്കുന്നുവെന്ന കാര്യം നമ്മുടെ മനസ്സിലെപ്പോഴും ഉണ്ടായിരിക്കണം. വിരലിലെണ്ണാവുന്ന അത്രയും സാധാരണക്കാരായ മനുഷ്യർ യേശുവിന്റെ നാമത്തിൽ അവന്റെ ശരീരം എന്ന നിലയിൽ അവന്റെ ഓർമ്മയ്ക്കായി അപ്പം നുറുക്കുവാൻ ഒരുമിച്ച് കൂടിവരുന്നത് പിശാചിനെ സംബന്ധിച്ചിടത്തോളം അവന്റെ വിലാപ്പുറത്തെ മുള്ളുപോലെയാണ്. അങ്ങനെ കൂടിവരുന്ന ഒരു സഭ മനുഷ്യരുടെ കോപത്തിനു പാത്രമാകുന്നതായി കാണാം. ➲9



കാരണം അവരുടെ പദവികളെയും അധികാരങ്ങളെയും തകിടം മറിക്കുന്നതാണ്. അവർക്ക് അത് സഹിച്ചു കൂടാ. പ്രത്യക്ഷത്തിൽ സംഭവിക്കുന്നതങ്ങനെയാ ണെങ്കിലും അതിന്റെയെല്ലാം വേര് ചെന്നെത്തി നില്ക്കുന്നത് അങ്ങനെയുള്ള ഒരു സഭ ദൈവത്തിന്റെ വിശുദ്ധൻമാരുടെ ഓരോരോ ആവശ്യത്തിനായി യേശുവിന്റെ നാമത്തിൽ മാത്രം ആശ്രയിച്ചുകൊണ്ട് തങ്ങളുടെ സാക്ഷ്യം വഹിക്കുന്നതിനുള്ള കടുത്ത വിദ്വേ ഷവുമായി നില്ക്കുന്ന സാത്താനിലായിരിക്കും.

ഇത് തീർച്ചയായും വളരെ ഉന്നതമായ ഒരു സാക്ഷ്യമാണ്. അത് വളരെ വിശ്വസ്തതയോടെ നിർവ്വഹിക്കപ്പെടുവാൻ ആഗ്രഹിക്കുന്നതായി കാണുവാൻ ഞങ്ങൾ വളരെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. കടുത്ത എതിർപ്പുകൾ ഉണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. എസ്രായുടെയും നെഹമ്യാവിന്റെയും കാലത്ത് മടങ്ങിവന്ന പ്രവാസികളുടെഅനുഭവം ഞങ്ങൾക്കും ഉണ്ടായേക്കാം. രെഹൂമിനെപ്പോലെയും സൻബല്ലത്തിനെപ്പോലെയും (നെഹ 4:1) ഉള്ള അനേകരുടെ എതിർപ്പുകൾ ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. നെഹമ്യവിനു യെരുശലേമിലെ മതിൽ അല്ലാതെ ലോകത്തിലെവിടെ വേണമെങ്കിലും പോയി ഏതു മതിൽ വേണമെങ്കിലും പണിയാമായിരുന്നു. സൻബല്ലത്ത് അവനെ തടസ്സപ്പെടുത്തുകയില്ലായിരുന്നു. യെരുശലേം മതിലിന്റെ പണി മാത്രം അക്ഷന്ത്യവ്യമായ അപരാധമായിരുന്നു. എന്തുകൊണ്ട്. യെരുശലേം ഈ ഭൂമിയിൽ തന്റെ കേന്ദ്രമായി ദൈവം തിരഞ്ഞെടുത്ത നഗരമായിരുന്നു. അവിടേക്കാണ് അവൻ തന്റെ വീണ്ടെടുക്കപ്പെട്ട യിസ്രായേൽ ജനത്തെ ഭാവിയിൽ കൂട്ടിചേർക്കാനായി പോകുന്നത്. ഇതാണ് ശത്രു തന്റെ മതിൽ പണിയെ എതിർത്തതിന്റെ രഹസ്യം. അവൻ പറയുന്ന നിന്ദാവാക്യം എന്താണെന്നു നോക്കുക. അവർ എനനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കൻമതിൽ ഉരുണ്ടുവീഴും. എന്നിട്ടും സൻബല്ലത്തിനും കൂട്ടർക്കും അതിനെ തകർക്കുവാൻ സാധിച്ചില്ല. യഹൂദൻമാരുടെ വിശ്വാസക്കുറവും ധൈര്യക്കുറവും കൊണ്ട് മതിൽ പണി നിർത്തിവെക്കുവാൻ ഇടവന്നു. എന്നാൽ ദൈവത്തിന്റെ കൈ തന്റെ ജനത്തിനു അനുകൂലമായിരുന്നതുകൊണ്ട് അവർക്കതു തകർക്കുവാൻ സാധിച്ചില്ല.

ഇക്കാലത്തെ അനുഭവങ്ങളും ഇതിനോടത്ര സമാനതയുള്ളതാണ്. സൂര്യനു കീഴിൽ ഒന്നും പുതിയതായി ഇല്ലായെന്നു ഉറപ്പായി പറയുന്നു. അധൈര്യപ്പെടുത്തുന്ന നിന്ദ ഇന്നുമുണ്ട്. എന്നാൽ അത് വാസ്തവത്തിൽ മുന്നറിയിപ്പാണ്. യേശുവിന്റെ നാമത്തിൽ കൂടിവരുന്നവർ തങ്ങളുടെ വാഴ്ത്തപ്പെട്ട കേന്ദ്രത്തോടു മാത്രം ഹൃദയപൂർവം സത്യമായി ചേർന്നിരിക്കുന്നുവെങ്കിൽ അത് എത്രയോ ഉന്നതമായ സാക്ഷ്യമായിരിക്കും. എങ്കിൽ എത്ര വലി ശക്തി അവർക്കുണ്ടായിരിക്കും. എത്ര വലിയ വിജയം അവർ നേടും. ചുററുപാടുമുള്ളവരോടു അത് എത്ര വലിയ സാക്ഷ്യം വെളിപ്പെടുത്തുമായിരുന്നു. രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്. സൂര്യനു കീഴിൽ ഇതുപോലെ മറെറാന്നു ഇല്ല ബലഹീനവും നിന്ദിക്കപ്പെട്ടതുമായ നിലകൊള്ളുന്നുവെങ്കിൽപോലും

(തുടരും)

# Mega Convention Report

കർത്താവിന്റെ അളവററ കൃപയാൽ ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ തപി ജില്ലയിലെ ഗാൽക്കഡി ഗ്രാമത്തിൽ വെച്ച് നവംബർ 6 മുതൽ 8 വരെ മൂന്നു ദിവസത്തെ മെഗാകൺവെൻഷൻ അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. ബ്രദർ.ഫിലിപ്പ് കുട്ടി-പുനലൂർ മുഖ്യ പ്രസംഗകനായിരുന്നു. സുവിശേഷകൻ എ.സി.ഷാജി- ഡമൻ (ഗുജറാത്ത്) പരിഭാഷപ്പെടുത്തി.

പകലിൽ നടന്ന ബൈബിൾ ക്ളാസ്സിൽ ബ്രദർ.ജയിംസ് ശാമുവേൽ, ഡേവിഡ്.പി.ഐസക്,എഡ്വിൻ പോൾ,ജയിംസ് തോമസ്, ടി.സി. വർഗ്ഗീസ്, സൈമൺ പയ്യന്നൂർ തുടങ്ങിയവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ളാസ്സുകൾ എടുത്തു. ബ്രദർ.എഡ്വിൻ പോൾ ടീം ഗാനശുശ്രൂഷ നടത്തി.

ഒരു സ്ഥലം സഭയിലെ മൂപ്പനായ ബ്രദർ.ഫിലിപ്പ് കുട്ടി, സരളമായും ശക്തമായ വാക്ചാതുര്യത്തോടും കൃപയോടും കൂടി വന്ന ജനസഞ്ചയ ത്തിനു മുമ്പിൽ നിർമ്മല സുവിശേഷം, ഫലിത ഉപമകൾ ഇല്ലാതെ വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്താവിച്ചതുകേട്ടപ്പോൾ. മൂപ്പൻമാരായവരിലും പ്രസംഗവരമുണ്ടെന്നുള്ള സത്യമായിരുന്നു വെളിപ്പെട്ടത്. അവിടെ കൂടിവന്ന ഇതര സഭകളിലെ നിരവധി പാസ്റ്റർമാർ ബ്രദർ.ഫിലിപ്പ് കുട്ടി ഏതു സ്ഥലത്തെ സുവിശേഷപ്രസംഗകനാണെന്നും ഞങ്ങൾ മീററിംഗിന് വിളിച്ചാൽ വരുമോ എന്നും ഈ ലേഖകനോടു ചോദിക്കയുണ്ടായി. ഇതിന്റെ പുറകിലൊക്കെയും വ്യാപരിച്ചത് ദൈവകൃപയൊന്നുമാത്രമായിരുന്നു. എല്ലാ മഹത്വവും ദൈവത്തിനു മാത്രം. അക്രൈസ്തവരായ ഗ്രാമവാസികൾ രണ്ടാം ദിവസം സ്ഥലത്തെ സംഘാടകരായ വിശ്വാസികളോട് കുറേസമയം കൂടി പ്രസംഗിക്കണമെന്നു ആവശ്യപ്പെട്ടപ്പോൾ ഞങ്ങളുടെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു. ഞങ്ങൾ ചെയ്തതും ചിലവിടുന്നതും വ്യർത്ഥമാവല്ലെന്നു മനസ്സിലായി. നിരവധിപേർ ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ചു. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള നിരവധി നാമധേയ ക്രൈസ്തവർ മീററിംഗുകൾക്കായി ഞങ്ങളെ ക്ഷണിച്ചിട്ടുണ്ട്.

മാസങ്ങളായി ഭക്തരും സുവിശേഷസ്നേഹികളുമായ ദൈവജനങ്ങളുടെ പ്രാർത്ഥന ഇതിന്റെ പുറകിലുണ്ടായിരുന്നു. അതായിരുന്നു ഇതിന്റെ വിജയരഹസ്യം. ഗുജറാത്തിന്റെ ഒരു ഉൾഗ്രാമത്തിൽ അതും അക്രൈസ് വർക്ക് ഭൂരിപക്ഷമുള്ള ഒരു ഗ്രാമത്തിൽ ഒരു വലിയ ജനസഞ്ചയം സുവിശേഷം കേൾക്കുവാൻ കൂടിവരിക എന്നത് വളരെ ശ്രമകരമായ ഒരു ദൗത്യമായിരുന്നു. എന്നാൽ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കൈ അനുകൂലമായിരുന്നതിനാൽ ആയാസകരമായി കൺവെൻഷൻ നടത്തുവാൻ ദൈവം സഹായിച്ചു.

ഗുജറാത്ത് ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ അനുമതി ലഭിക്കുമോ എന്നു സംശയിച്ചു. എങ്കിലും അവസാന നിമിഷം അനുമതി ലഭിച്ചു.

➲10



## Mega Convention Report ...തുടർച്ച

മാത്രമല്ല, മൂന്നു ദിവസത്തെ രാത്രി യോഗങ്ങളിലും, പകലത്തെ ബൈബിൾ ക്ളാസ്സുകളിലും ഇലക്ഷൻ കമ്മീഷന്റെ ഉത്തരവാദിത്വപ്പെട്ടവർ കടന്നുവരികയും എല്ലാകാര്യ ങ്ങളും വീഡിയോയിൽ പകർത്തുകയും ചെയ്തു.

ഈ ഗ്രാമത്തിലുള്ള സഭയാണ് ഇതിനുവേണ്ടുന്ന ക്രമീകരണങ്ങൾ ഒരുക്കിയത്. ഗാന്ധിധാമിൽ നിന്നും 750 കി.മി.ദൂരെയാണ് ഈ ഗ്രാമം. ഒരു സ്വതന്ത്രസഭയിൽ നിന്നും നമ്മുടെ ഉപദേശപ്രകാരം വരുവാൻ തീരുമാനമെടുത്തവരാണ്. ഈ സഭയിൽ 120-ലധികം വിശ്വാസികളുണ്ട്. വചനപരിജ്ഞനക്കുറവ് നിരവധി വിഷയങ്ങളിലുണ്ട്. സ്ഥിരമായ വചനപരിശീലനം ഇവർക്കാവശ്യമാണ്. അതിനുള്ള ക്രമീരണങ്ങൾക്കായി പ്രാർത്ഥിക്കുന്നു. കാഴ്ചപ്പാടും സുവിശേഷവെളിച്ചവും ത്യാഗമനോഭാവവുംവചനപരിജ്ഞാനവുമുള്ള ഒരു സുവിശേഷകൻ ഈ പ്രദേശത്ത് സ്ഥിരമായി പ്രവർത്തിക്കാനുണ്ടെങ്കിൽ ഈ ജില്ലയിൽ പുതിയനിയമത്തിനടിസ്ഥാനമായ നിരവധി കൂടിവരവുകൾക്ക് ധാരാളം സാദ്ധ്യതകളുണ്ട്. ദൈവജനങ്ങളുടെ പ്രാർത്ഥന ഈ വിഷയത്തിൽ അഭ്യർത്ഥിക്കുന്നു.

ദൈവികകരുതൽ അനുഭവിച്ചറിഞ്ഞ ദിനങ്ങളായിരുന്നു ഇവിടുത്തെ ശുശ്രൂഷ. യേശുക്രിസ്തുവിനെ ഉയർത്തുവാൻ ഇത്രയും വിപുലമായ നിലയിൽ സാഹചര്യങ്ങൾ ചെയ്യുവാൻ കർത്താവ് സഹായിച്ചു. ഇതിനുവേണ്ടി പ്രാർത്ഥിച്ച ഏവർക്കും കർത്താവിന്റെ നാമത്തിൽ നന്ദി പറയുന്നു. ഈ പ്രദേശത്തിനുവേണ്ടിയും ജി.ബി.ബി.ഐ യുടെ പ്രവർത്തനത്തിനുവേണ്ടിയും തുടർന്നും ദൈവജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

**(സൈമൺ പയ്യന്നൂർ)**

***PRAY & SUPPORT***

**GUJARAT BRETHREN BIBLE INSTITUTE**
**HAPPY VOICE MAGAZINE**
**VILLLAGE MINISTRY**

### നിങ്ങളിൽതന്നെ ഉപ്പുള്ളവരായിരിപ്പിൻ...

നിനക്കു സമ്മതമോ എന്നു ചോദിച്ചു. യേശു അവരെ ശാസിച്ചു. മനുഷ്യപുത്രൻ വന്നത് മനുഷ്യരുടെ പ്രാണനെ നശിപ്പിപ്പാനല്ല, രക്ഷിക്കുവാനത്രെ വന്നത്. ഇവിടെ പ്രതികാര ഹൃദയത്തോടെ വന്ന രണ്ട് ശിഷ്യൻമാരുടെ മനോഭാവത്തെ യേശു ശാസിച്ചു. മനുഷ്യരുടെ കോപം ദൈവനീതിയെ നിവർത്തിക്കുന്നില്ല. യാക്കോ1:20)

ആകയാൽ വിശ്വാസികളും, ഇടയൻമാരും, സുവിശേഷകൻമാരും ശ്രദ്ധിക്കേണ്ട ഗൗരവകരമായ ചില മനോഭാവങ്ങളെപരിശുദ്ദാത്മാവ് ലൂക്കൊസിലൂടെ വെളിപ്പെടുത്തിതന്നിരിക്കുന്നു. നമുക്കു ഉപ്പുള്ളവരും സമാധാനം ഉണ്ടാക്കുന്നവരും, വെളിച്ചം കെടുത്തുന്നവരല്ല,പ്രകാശിപ്പിക്കുന്നവരുമായി മുന്നോട്ടു പോകാം. സമാധാനം ഉണ്ടാക്കുന്നവൻ ഭാഗ്യവാൻമാർ. അവർ ദൈവത്തിന്റെ പുത്രൻമാർ എന്നു വിളിക്കപ്പെടും. ഈ ശബ്ദം നമുക്കുള്ളതാണ്. അത് ഏറെറടുക്കുക.

# Deliver Us from Evil

-----------------Johnson Ponmanissery-Trichur -------------

**Scripture:** "As a dog returns to its vomit, so a fool repeats his foolishness." **Proverbs 26:11**

Although this is one of the most repulsive verses in the Bible, It's so gross that a creature would re-ingest what it has already expelled from its body!

But a message we can take from this wise saying is that once we have expelled our horrid sin, or foolishness, from our lives, we do NOT want to return to that way of life! We should desire to put away our foolishness and sin in favor of living a godly lifestyle.

As disgusting as this is, we sometimes don't even realize that we are going to retrieve our "vomit." However, our Lord is a saving God, and we can trust that He will deliver us.

**We All Sin**

Everyone on earth is born into sin; we none of us escape it! But God loves u s o much that He has allowed us to place our trust in Him through His Son, Jesus Christ .The Apostle Paul wrote that no matter what we have done in our lives before we become Christians, **"We are made right with God by placing our faith in Jesus Christ. And this is true for everyone who believes, no matter who we are. For everyone has sinned; we all fall short of God's glorious standard. Yet God, with undeserved kindness, declares that we are righteous. He did this through Christ Jesus when He freed us from the penalty for our sins." (Romans 3:22-24)**

After we commit to Christ, we must maintain our new Christian lifestyle – this can be difficult; we ARE still human! But we want to put aside any sin and anything that comes between us and our relationship with the Lord.

We might still mess up; that's life, and it just happens. It is important to pay attention to your thoughts, words, and actions, trying to ensure you try to live like Jesus – with honor for God and compassion for your fellow human. And when we mess up, we can trust the Lord to forgive us and help us grow closer to Him; we just have to ask and put off the trappings of this world

**Better off Never Having Known**

But what if someone claims to be Christian but allows themselves to "return to their vomit," or their sinful way of life? The Bible is pretty clear that this would be a deeply distressing event.

" **When people escape from the wickedness of the world by knowing our Lord and Savior Jesus Christ and then get tangled up and enslaved by sin again, they are worse off than before. It would be better if they had never known the way to righteousness than to know it and then reject the command they were given to live a holy life. They prove the truth of this proverb: 'A dog returns to its vomit.'" (from 2 Peter 2:20-25)**



We followers of Christ are commanded to live a holy life – to live set apart from sin. What a great gift of freedom this is! It's like being healed of a bad stomach virus; no-one wants to return to the pain and degradation of that kind of illness.

So what is *your* "vomit?" What sin easily trips you up? God continues to forgive us for sins after we are saved, but we must be watchful that we grow in HIS life for us, rather than keep on sinning.

**We Will Face Troubles**

Jesus taught His disciples to request that God will "**deliver us from evil." (from Matthew 6:13)** Jesus knew that just as He Himself was to face persecution and evil, so His followers down through the years would be tested.

When you give your life to Christ and strive to live life righteously in His sight, life will be more joyful, but it won't necessarily be much easier. A Christian might face a life full of torment and annoyances from evil forces. We are given God's promise in the Book of Psalms, however: **"The righteous person faces many troubles, but the Lord comes to the rescue each time."** In other words, no matter what comes into your path, you do NOT have to worry; the Lord will provide what we need in times of trouble!

**Praise for Deliverance**

When God shows us His path for a godly lifestyle, protecting us from returning to our "vomit," we are blessed! We owe Him thanks and praise

King David wrote many songs of praise for God's deliverance: **"You are my hiding place; You protect me from trouble. You surround me with songs of victory." (Psalm 32:7)**

David was someone who gave his life to God; he was **"A man after [God's] Own heart." (1 Samuel 13:14)** Nonetheless, he had huge problems with sinning. But he consistently sought God's forgiveness and strove to throw off the trappings of sin. He knew he could depend on God in times of temptation and distress.

We live in a distressing, fallen world. We hear of terrible happenings all over the world. When you too face trials, remember that God is our strength and our deliverer. He wants what's best for you, like a loving parent!

So when you are tempted to sin, turn to the Lord for guidance and protection from earthly desires. Join David in praise to our God, **"This I declare about the Lord: He alone is my refuge, my place of safety; He is my God, and I trust Him." (Psalm 91:2)**

## STOP PRESS

ബ്രദർ.സൈമൺ പയ്യന്നൂരിന്റെ ഇ-മെയിൽ വിലാസത്തിൽ വന്ന മാററം ശ്രദ്ധിച്ചാലും.

email:payyanursimon@gmail.com

**READ... SUBSCRIBE... HAPPY VOICE**

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി


## Chief Editor:

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

## Editors:

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

## Representatives:-

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


## Annual Subscription;-

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

## Please Mail :-

Articles, Letters, Subscription, Contribution to;



SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:payyanursimon@gmail.com


OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.



# ഗാനക്വിസ്. 150



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഡിസംബർ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. എന്നേശു നായകാ നീ വരണം**
**ഏകാധികാരിയായ് ഭൂഭരണം...**

**ഗാനക്വിസ് 148-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...**

**യേശുവേ തവ സ്നേഹമെൻ**
**മനമാകവേ കവർന്നാകയാൽ...**
**രചയിതാവ്:-സി.ററി.മത്തായി**

**ഉത്തരങ്ങൾ 09825169406 എന്ന നമ്പറിൽ എസ്.എം.എസ് ചെയ്യാവുന്നതാണ്.**

1.M.V.Samuel-Tiruvalla
2.Jolly Samuel-Kochi
3.Thankamma Varghese-Aranmula
4.Sajitha Stanly-Malampuzha
5..Jeffy Saji John-Ranny
6.Omana Varghese-Jabalpur
7.Maggi Simon-Peramanagalam
8. Saramma Samuel-Eraviperoor
9.MariammaThomas-Kunnamthanam
10.Victoria George-Trissur

# Pray & Support

# *FAMILY CONFERENCE*

(for unbelievers )

**Place: Vanoti-Kheda Dt-Gujarat**

**Date: 24 & 25th December 2012.**

**Speaker:**

**David.P.Issac-Rajkot**
**Simon Payyanur**

**Organised by:**
**Gujarat Brethren Bible Institute**